## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5203 31.10.2016-ൽ മറുപടിയ്ക്ക്

## <u>സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ടി. തോമസ്<br>,, കെ.എസ്. ശബരീനാഥൻ<br>,, അനിൽ അക്കര<br>,, വി.ടി. ബൽറാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന വിവരാവകാശ കമ്മീഷനിൽ നിലവിൽ എത്ര അംഗങ്ങളുടെ ഒഴിവുണ്ട്; | (എ) | അഞ്ച് |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | (ബി) | വിവരാവകാശ കമ്മീഷനിൽ ഒഴിവുകൾ നികത്തുന്നതിന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി 48308/സിഡിഎൻ5/2015/പൊഭവ തീയതി 2.12.2015, 48308/സിഡിഎൻ5/2015/പൊഭവ തീയതി 21.01.2016 എന്നീ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മുൻ മുഖ്യമന്ത്രി, വ്യാവസായിക വകുപ്പ് മന്ത്രി, മുൻ പ്രതിപക്ഷ നേതാവ് എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റി, പ്രതിപക്ഷ നേതാവിന്റെ വിയോജനക്കുറിപ്പോടെ പാനൽ അംഗീകരിക്കുകയും ആയത് ഗവർണറുടെ അംഗീകാരത്തിന് സമർപ്പിക്കുകയുമുണ്ടായി. ഗവർണർ പാനൽ അംഗീകരിച്ചില്ല. തുടർന്ന് പാനലിൽ ഉൾപ്പെട്ട അംഗങ്ങൾ കോടതിയിൽ കേസ് ഫയൽ ചെയ്തു. മുൻ സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച പാനലിൽ നിന്ന് നിയമനം നടത്തുവാൻ ബഹു. ഹൈക്കോടതി ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുകയും ഉത്തരവ് നടപ്പാക്കുന്നതിന് സ്റ്റേ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വിവരാവകാശ കമ്മീഷനിൽ അംഗങ്ങളെ നിയമിക്കുന്നതു സംബന്ധിച്ച് ഹൈക്കോടതി വിധിയിന്മേൽ അപ്പീൽ പോകുവാൻ | | ഉണ്ട്. അംഗങ്ങളായി ശുപാർശ ചെയ്യപ്പെട്ടവരുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ കൂടാതെ തയ്യാറാക്കിയ ചുരുക്കപ്പട്ടികയിൽ നിന്നാണെന്ന് |

| | | | |
|---|---|---|---|
| | തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; | | ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്. |
| (ഡി) | സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ എത്ര അപ്പീൽ കേസുകളും പരാതികളും നിലവിലുണ്ട്; | (ഡി) | 30.09.2016-ന് കണക്കു പ്രകാരം കമ്മീഷനിൽ 8877 അപ്പീൽ കേസുകളും 2600 പരാതികളും നിലവിലുണ്ട്. |
| (ഇ) | നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തി കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഹൈക്കോടതിയിൽ വിവരാവകാശ കമ്മീഷണർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് തീർപ്പുകൽപ്പിക്കുന്നതിന് അനുസൃതമായി ഉചിതമായ തീരുമാനം എടുക്കും. |

സെക്ഷൻ ഓഫീസർ